# ഇതെന്തു ശബ്ദം?

:: സഖറിയാ മാർ അന്തോണീയോസ് മെത്രാപ്പോലീത്ത, കൊച്ചി ഭദ്രാസനാധ ::

ആധുനിക ലോകത്ത് ഒരു മനുഷ്യൻ തന്റെ മൂല്യം കണക്കാക്കുന്നത് പ്രതികരണശേഷി അടിസ്ഥാന പ്പെടുത്തിയാണ്. കുടുംബ ജീവിതത്തി ലും വ്യക്തിജീവിതത്തി ലും രാഷ്ട്രീയ ജീവിതത്തിലും ആത്മീയ ജീവിതത്തിലും, ഭൗതിക ജീവിതത്തിലും എല്ലാം ഇന്ന് പ്രതികരണത്തിന് വലിയ സ്ഥാനം ഉണ്ട്. കൂടുത ൽ പ്രതികരിക്കുന്നവരെ എല്ലാവരും നേതാവായി കാണുകയും ചെയ്യുന്നു. രാഷ്ട്രീയമേഖലയിൽ ഇത് വളരെ വലിയ അളവിൽ കാണാം. പ്രതികരണങ്ങളെല്ലാം നിലനിൽപിന്റെ ഭാഗമായി മാത്രമാണ് എന്നേ മനസിലാക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ അതിനൊന്നും കാലികമായ (Tempo ral Existence) നിലനിൽപേ ഉണ്ടാവുകയുള്ളൂ. കാരണം പ്രതികരണത്തിന് ശബ്ദം ആവശ്യമാണ് എന്നുള്ള തുതന്നെ. ശബ്ദം നിലയ്ക്കുമ്പോൾ പ്രതികരണത്തിന്റെ കാഠിന്യം കുറഞ്ഞ് അതിലെ ഉദ്ദേശവും ഇല്ലാ തെയാകും. ക്രിസ്തീയ ജീവിതത്തിന്റെ മർമ്മം ആധാരമാക്കിയിരിക്കുന്നത് നിശബ്ദതയിലാണ്. നിശ ബ്ദതയ്ക്ക് നിലനിൽപ്പുണ്ട് (Permanent Existence). നിശബ്ദതയാണ് നിത്യമായുള്ളത്. ശബ്ദം ആരംഭിക്കു ന്നതും അവസാനിക്കുന്നതും നിശബ്ദതയിൽ നിന്ന് നിശബ്ദതയിലേക്കാണ്.

പരിശുദ്ധൻമാരുടെയും സഹദേൻമാരുടെയും പിതാക്കന്മാരുടെയും എല്ലാ പെരുന്നാളുകളും നടത്തു മ്പോൾ വലിയ ശബ്ദ കോലാഹലങ്ങൾ ഉണ്ടാകാറുണ്ട്. അവിടെ പരിശുദ്ധൻമാർക്ക് അല്ല പ്രാധാന്യം മറിച്ച് ശബ്ദത്തിനാണ്. പെരുന്നാൾ എന്നു പറഞ്ഞാൽ പെരിയ ദിവസം, അല്ലെങ്കിൽ വളരെ പ്രാധാന്യമുള്ള ദിവസം എന്നാണ് അർത്ഥമാക്കുന്നത്. അതുകൊണ്ടാണ് കർത്താവ് ക്രൂശിൽ തറയ്ക്കപ്പെട്ട ദിവസം വലിയ വെള്ളിയാഴ്ച എന്നുകൂടി അറിയപ്പെടുന്നത്. പരിശുദ്ധന്മാരുടെ പെരു ന്നാളുകൾ ആചരിക്കുമ്പോൾ ആചാരാനുഷ്ഠാനങ്ങൾക്കാണ് മുഖ്യസ്ഥാനം നൽകേണ്ടത്. അല്ലാതെ ശബ്ദത്തിനല്ല. മറിച്ച് ചെയ്യുന്നതെല്ലാം ശബ്ദപെരുന്നാൾ (Feast of Sound) എന്നു മാത്രമേ ചിന്തിക്കാനാ വുകയുള്ളൂ.

'അണയാൻ പോകുന്ന തീ ആളിക്കത്തും' എന്ന് പഴമക്കാർ പറയാറുണ്ട്. പലപ്പോഴും മൂന്നുലോകവും ഞെട്ടി വിറപ്പിക്കുന്ന രീതിയിൽ പ്രസംഗം നടത്തുന്നവരെയും പ്രാർത്ഥിക്കുന്നവരെയും കുറിച്ച് ചിന്തി ക്കുമ്പോൾ മേൽപറഞ്ഞത് വളരെ അർത്ഥവത്തായി തോന്നും. നമ്മുടെ രക്ഷിതാവായ ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയുടെ പരിസമാപ്തിയിൽ നിശബ്ദത പാലിക്കുന്നു. കുഷ്ഠരോഗിയെ സൗഖ്യമാക്കി യവൻ, അന്ധനു കാഴ്ച നൽകിയവൻ, ലാസറിനെ ഉയർപ്പിച്ചവൻ, ലോകം മുഴുവൻ കേവലം ഒരു വാക്കുകൊണ്ട് പിടിച്ചു നിറുത്തുവാൻ കഴിവുള്ളവൻ തന്നെ ക്രൂശിക്കുവാനായി കൊണ്ടുപോകു മ്പോൾ നിശബ്ദത പാലിക്കുന്നു. തനിക്കെതിരെയുള്ള ആരോപണങ്ങൾ കേട്ട് നിശബ്ദനായി നിൽക്കുന്നു.

എന്തുകൊണ്ട് കർത്താവ് നിശബ്ദമായി നിൽക്കുന്നു? മൗനമായി നിലകൊള്ളുന്നത് കുറ്റസമ്മതമായി ആരും കണക്കാക്കരുത്. മറിച്ച് കർത്താവിന്റെ മൗനത്തിന് വലിയ അർത്ഥമുണ്ട്. ആത്മീയമായ അവ സ്ഥയുടെ ഒരു ബഹിർസ്ഫുരണമാണത്. ആ വലിയ നിശബ്ദതയെ ഭേദിക്കുവാൻ ഇന്ന് ഭൂലോകത്തി ലെ ഒരു ശക്തിക്കും സാധ്യമായിട്ടില്ല. നന്മയുടെ പരിപൂർണ്ണതയാണ് ആ നിശബ്ദത. നന്മയ്ക്ക് ശബ്ദ മില്ല. തിന്മയ്ക്കാണ് ശബ്ദം. അതുകൊണ്ടുതന്നെ തിന്മ ബഹളം വച്ച് അസ്വസ്ഥത പ്രകടിപ്പിച്ചുകൊ ണ്ടിരിക്കും.

പല ഇടവകകളിലും, സമൂഹങ്ങളിലും, കൂട്ടായ്മകളിലുമെല്ലാം, ശബ്ദമുണ്ടാക്കുന്ന ആളുകളെ കാണാം. കൂടുതൽ തെറ്റുകൾ ചെയ്തത് മറച്ചു വയ്ക്കാൻ ഞങ്ങൾ പറയുന്നതും ചെയ്യുന്നതുമാണ് നീതി എന്നു പറയുന്നവരും ഉണ്ട്. ഇക്കൂട്ടർ അവരുടെ പ്രശ്നങ്ങൾ മറച്ചുവയ്ക്കാൻ ഉപയോഗിക്കു ന്നത് ശബ്ദമാണ്.

വനപ്രദേശങ്ങളിൽ താമസിക്കുന്നവർ കാട്ടുമൃഗങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ പടക്കം പൊട്ടിച്ചും, പാട്ടയിൽ തട്ടി ശബ്ദം പുറപ്പെടുവിച്ചുമെല്ലാം മൃഗങ്ങളെ ഓടിക്കുന്നു. ഇത് മൃഗങ്ങൾ ഉപദ്രവിക്കും എന്നുള്ള ഭയത്തിൽ നിന്ന് ഉളവാകുന്നതാണ്. ഭയം അധികമാകുമ്പോൾ അപശബ്ദങ്ങൾ പുറ പ്പെടുവിച്ചു തുടങ്ങും. അമിത ശബ്ദം ഉണ്ടാക്കുന്നവൻ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭയത്തിനടിമകളാണ്. ഭയമോ തിന്മ മാത്രം പേറുന്ന ഒരു തോണിയും.

ശബ്ദം തിന്മയാണ്. അതിന് മറ്റാരെയെങ്കിലും ഉപദ്രവിക്കാതെ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. നന്മ നിശബ്ദമാണ്. തിന്മയുടെ ഭൂരിപക്ഷം നിശ്ചയിക്കുന്നത് ശബ്ദത്തിലൂടെയാണ്. അതുകൊണ്ടു തന്നെ തിന്മയുടെ പ്രചരണം ശീഘ്രഗതിയിലാകും. നന്മ നിശബ്ദമായി നിലനിൽക്കും. കർത്താവിന്റെ ക്രൂശാരോഹണത്തിനു മുമ്പുള്ള സമയങ്ങളിലേക്ക് ഒന്നു കണ്ണോടിച്ചാൽ തിന്മ ബഹളം വയ്ക്കുകയും ആർത്തട്ടഹസിക്കുകയും ചെയ്യുന്നതു കാണാം. നന്മ നിശബ്ദമായി നിലകൊള്ളുന്നു. എന്നാൽ മൂന്നാം ദിവസം തിന്മയെ തകർത്തെറിഞ്ഞ് നന്മ ഉയർത്തെഴുന്നേറ്റിരിക്കുന്നു. അതുകൊണ്ടാണ് തിന്മയ്ക്ക് കാലികമായ നിലനിൽപ്പേയുള്ളു എന്ന് പറയുന്നത്.

ഏത് മതങ്ങളുടെയും ആചാര ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ നിശബ്ദമായ പ്രാർത്ഥനയുടെ വലിയ പ്രാധാന്യം കാണാം. ഭഗവാനെ തൊഴുന്ന ഹിന്ദുവും അള്ളാഹുവിനെ നിസ്ക്കരിക്കുന്ന മുഹമ്മദീയനുമെല്ലാം ഭൂരിഭാഗ സമയവും നിശബ്ദതയിലൂടെയാണ് ദൈവത്തോട് സംസർഗ്ഗം ചെയ്യുന്നത്. മനസിലും ശരീരത്തിലുമെല്ലാം ഒരുപോലെ ദൈവത്തിൽ അർപ്പിക്കുവാൻ നിഷ്പ്രയാസം സാധ്യമാകുന്നത് നിശബ്ദമായ പ്രാർത്ഥനയിലൂടെയാണ്.

പ്രകൃതിപോലും നിശബ്ദതയുടെ പര്യായമാണ്. നിശബ്ദതയെ ഭേദിക്കുന്നതെന്തോ അത് ഭയമാണ്. ഭയമുള്ളവർക്ക് ദൈവത്തെ യഥാർത്ഥമായി ഉൾക്കൊള്ളാൻ കഴിയുകയില്ല. കാരണം അത്തരത്തിലുള്ളവൻ തിന്മയെയാണ് സ്വായത്തമാക്കിയിരിക്കുന്നത്. ഇന്ന് ഭൂലോകത്തിൽ ഉണ്ടാകുന്ന പലവിധ പ്രശ്നങ്ങൾക്കും നിദാനം തിന്മയെന്ന ശബ്ദമാണ്. സമൂഹം കൊടുംക്രൂരതയിൽ അഴിഞ്ഞാടുകയും, തീവ്രവാദവും, മതവിദ്വേഷവുമെല്ലാം വളർത്തിയെടുക്കുകയും ചെയ്യുന്നത് തിന്മ എന്ന ശബ്ദത്തെ പരിപോഷിപ്പിക്കുവാനാണ്. കർത്താവ് കാണിച്ചുതന്ന ആ നിശബ്ദമായ സഹന ജീവിതത്തിലൂടെ നിശബ്ദമായി സഞ്ചരിക്കുവാൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ ക്രിസ്ത്യാനി എന്നുള്ള പദം അനുയോജ്യമായി തീരുകയുള്ളൂ. ക്രിസ്തുവിനെ സാക്ഷിക്കേണ്ടത് ശബ്ദത്തിലൂടെയല്ല മറിച്ച് മൗനമായ ജീവിതശൈലിയിലൂടെയാണ്.

# അഭയകേസും ലാവ്ലിൻ കേസും സി.ബി.ഐ.യും

:: ഫാ. ജോസഫ് വയലിൽ ::

കേരളത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന രണ്ട് കേസുകളാണല്ലോ അഭയാകേസും ലാവ്ലിൻ കേസും. ഈ കേസുകളിൽ പ്രതിസ്ഥാനത്ത് നിർത്തിയിരിക്കുന്നവർ ആരെന്ന് എല്ലാവർക്കും അറിയാം. ജനങ്ങളും മാധ്യമങ്ങളുമെല്ലാം ചേർന്ന് പ്രതികളാക്കിയിരിക്കുന്ന ഇവർ യഥാർത്ഥത്തിൽ പ്രതികളാണോ അല്ലയോ എന്ന് കോടതിയാണ് തീർപ്പു കൽപ്പിക്കാനുള്ളത്. കീഴ്ക്കോടതികളുടെ തീർപ്പു കൽപ്പിക്കലുകൾ പലതും ശരിയായ വിധിയല്ല എന്ന് നാമെല്ലാം എന്നേ തിരിച്ചറിഞ്ഞതാണ്. വ്യക്തികളെ മേൽക്കോടതി നിരപരാധികളാണെന്ന് കണ്ട് വിട്ടയച്ചതിന്റെ കഥകൾ നമ്മുടെ ഓർമ്മയിലുണ്ട്. മേൽക്കോടതി നിരപരാധികൾ എന്ന് ബോധ്യപ്പെട്ട് വെറുതെ വിട്ട പലരെയും പക്ഷേ, നിരപരാധികൾ ആയി അംഗീകരിക്കുവാൻ മാധ്യമങ്ങൾക്കും എല്ലാ ജനങ്ങൾക്കും കഴിഞ്ഞിട്ടില്ല. മറിയക്കുട്ടി കൊലക്കേസിൽ ഫാ. ഓണംകുളത്തിനെ നിരപരാധിയെന്ന് ബോധ്യപ്പെട്ട് മേൽക്കോടതി വിട്ടയച്ചപ്പോൾ ആ വിധി ഉൾക്കൊള്ളുവാൻ കഴിയാതിരുന്ന ധാരാളം പേരില്ലേ? പക്ഷേ, യഥാർത്ഥ കൊലയാളിയുടെ കുടുംബങ്ങൾ വർഷങ്ങൾക്കുശേഷം സത്യം തുറന്നു പറഞ്ഞപ്പോഴാണല്ലോ കുറെപേർക്കുകൂടി നിരപരാധിത്വം ബോധ്യപ്പെട്ടത്. അഭയകേസിന്റെയും വിധി അവസാനിക്കുന്നത് ഇങ്ങനെയായിരിക്കും. മാധ്യമങ്ങളും കുറേ ജനങ്ങളും കൂടി പ്രതിയാക്കിയതുകൊണ്ടോ ഏതെങ്കിലും ഒരന്വേഷണസംഘം പ്രതിയാക്കിയതുകൊണ്ടോ നിരപരാധിയായവർ പ്രതികളാകുകയില്ലല്ലോ.

ഈ പശ്ചാത്തലത്തിൽ, അഭയാകേസിനെയും ലാവ്ലിൻ കേസിനെയും താരതമ്യം ചെയ്ത് നാം ചിന്തിക്കുന്നത് നല്ലതാണ്. ലോക്കൽ പോലിസും ക്രൈം ബ്രാഞ്ചും മൂന്ന് സി.ബി.ഐ സംഘങ്ങളും അന്വേഷിച്ചിട്ട് ഇപ്പോൾ പ്രതികളാക്കപ്പെട്ടവരെ പ്രതികളാക്കുവാൻ തെളിവുകൾ കിട്ടിയില്ല. ഇപ്പോഴത്തെ സി.ബി.ഐ സംഘം തന്നെയും ഇവർ മൂന്നുപേരെയും അറസ്റ്റ് ചെയ്തശേഷമാണ് കൂടുതൽ തെളിവുകൾ തേടിപ്പോയത് എന്നത് നാം ശ്രദ്ധിക്കണം. ഉദാഹരണമായി, പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെ വിസ്തരിച്ചതും കഴിഞ്ഞ ദിവസങ്ങളിൽ പയസ് ടെൻത് കോൺവെന്റിൽ നടന്ന ഡമ്മി പരീക്ഷണവും മറ്റും രണ്ട് വൈദികരെയും സിസ്റ്ററിനെയും ബ്രെയിൻ മാപ്പിംഗിനും നാർക്കോ അനാലിസിനും നുണ പരിശോധന ടെസ്റ്റിനുമൊക്കെ വിധേയമാക്കി അവർ പറയുന്നതിൽ കള്ളമുണ്ടോ എന്ന് കണ്ടെത്താൻ സി.ബി.ഐ ശ്രമിച്ചു. എന്നാൽ സ്ഥിരം കള്ളനായ അടക്കാ രാജു പറഞ്ഞത് സത്യമാണോ എന്നറിയുവാൻ അദ്ദേഹത്തെ ഇത്തരം ടെസ്റ്റുകൾക്ക് വിധേയമാക്കിയതായി അറിവില്ല. പ്രതികളാക്കപ്പെട്ട ഒരാളുടെ സ്കൂട്ടർ കോൺവെന്റ് പരിസരത്ത് കണ്ട് എന്ന് സാക്ഷ്യം നൽകിയ ചെറുപ്പക്കാരൻ പറഞ്ഞത് സത്യമാണോ എന്നറിയുവാൻ അദ്ദേഹത്തെയും ഇത്തരം ടെസ്റ്റുകൾക്ക് വിധേയമാക്കിയതായി അറിയുന്നില്ല. ഒരുപക്ഷേ, ഈ കേസ് മുന്നോട്ടുപോകുമ്പോൾ, പ്രതികളാക്കപ്പെട്ടവരുടെ അഭിഭാഷകർക്ക് ഇക്കാര്യങ്ങൾ പരിഗണിക്കാൻ പാടില്ലേ? അത് എന്തെങ്കിലുമാകട്ടെ. കോടതികൾ വിധി പറയട്ടെ.

ഇവിടെ ശ്രദ്ധാർഹമായ മറ്റൊരു കാര്യം കുറിക്കട്ടെ. കോട്ടയം രൂപത, ജാഗ്രതാ സമിതി, യുവജന സംഘടനകൾ എന്നിവർക്കെതിരായി സി.ബി.ഐ രംഗത്ത് വന്നു എന്നതും കോടതിയിൽ പരാതിപ്പെട്ടു എന്നതും ഇക്കൂട്ടരെ കോടതികൾ ഇത്തരം പ്രവർത്തനങ്ങളിൽ നിന്നും വിലക്കണം എന്നും മറ്റുമാണ് സി.ബി.ഐ പറഞ്ഞത്. ഇല്ലെങ്കിൽ അത് വർഗീയ കലാപത്തിന് കാരണമാകും എന്നാണ് സി.ബി.ഐ പറയുന്നത്. സി.ബി.ഐയുടെ വർഗീയ കലാപ സാധ്യത എന്ന ആരോപണം എന്ത് അടിസ്ഥാനത്തി

ലാണ്? ഇവിടുത്തെ ക്രിസ്ത്യാനികൾ എന്നെങ്കിലും ഏതെങ്കിലും വർഗീയ കലാപം ഉണ്ടാക്കിയതായോ അഥവാ പങ്കാളിയായത് ആയോ സി.ബി.ഐക്ക് തെളിവുണ്ടോ? അഥവാ തെളിയിക്കുവാൻ കഴിയുമോ? അഭയാകേസിൽ ഇത്രമാത്രം വിശകലനങ്ങളും ചർച്ചകളും സി.ബി.ഐ നടപടികളും ഉണ്ടായിട്ടും ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് എന്ത് അക്രമം, അക്രമശ്രമം, കലാപം, കലാപശ്രമം തുടങ്ങിയവയാണ് ഉണ്ടായത്? ഒന്നുമില്ല. കോട്ടയം രൂപതയും സഭയും ക്രൈസ്തവ യുവജന സംഘടനകളും പ്രതികളാക്കപ്പെട്ടവർ നിരപരാധികളാണ് എന്ന് ബോധ്യമുണ്ട് എന്ന ആശയം പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രസ്താവനകൾ നടത്തിയിട്ടുണ്ട്. പക്ഷേ അവിടെയൊന്നും കലാപശ്രമമോ അതിനുള്ള ആഹ്വാനമോ ഒന്നുമില്ല. ഏറ്റവും സൗമ്യമായും ശാന്തമായും തന്നെയല്ലേ ഇതുവരെയുള്ള സംഭവങ്ങളോട് സഭ പ്രതികരിച്ചത്? അത് എന്തേ കാണാതെ പോകുന്നു?

ഈ പശ്ചാത്തലത്തിൽ വേണം ലാവ്‌ലിൻ കേസിനെ പറ്റി ചിന്തിക്കുവാൻ. ആ കേസിൽ പ്രതികൾ ആണ് എന്ന് സി.ബി. ഐ പറയുന്നവർ യഥാർത്ഥത്തിൽ കുറ്റവാളികളാണോ എന്ന് കോടതി പറയട്ടെ. കീഴ്ക്കോടതി പറയുന്നത് തെറ്റാണെങ്കിൽ മേൽക്കോടതി ആ വിധി തിരുത്തട്ടെ. പ്രതികളാക്കപ്പെട്ടവർ കുറ്റവാളികൾ ആണോ അല്ലയോ എന്ന് ഇവിടെ അഭിപ്രായം പറയുന്നുമില്ല.

ഇവിടെ, പക്ഷേ നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഉണ്ട്. സി.ബി.ഐ പ്രതിസ്ഥാനത്ത് ചിലരെ നിർത്തിയിരിക്കുന്നതിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന പ്രതികരണങ്ങൾ നാം ശ്രദ്ധിക്കണം. അഭയാ കേസിന്റെ നടപടികളോട് സഭ പ്രതികരിച്ച രീതിയും ലാവ്‌ലിൻ കേസിന്റെ നടപടികളോട് ചിലർ സ്വീകരിച്ചിരിക്കുന്ന പ്രതികരണവും തമ്മിൽ നമ്മൾ താരതമ്യം ചെയ്യേണ്ടിയിരിക്കുന്നു. വിജിലൻസ് അന്വേഷിച്ച് തെളിവില്ല എന്ന് കണ്ട് വിട്ടുകളഞ്ഞ കേസ് സി.ബി.ഐയെകൊണ്ട് രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി കുത്തിപ്പൊക്കിച്ചതാണ് എന്ന് ആരോപണം പറയുന്നവർ, ആ ആരോപണം വിശ്വസിക്കുന്നവർ, ലോക്കൽ പോലിസും മൂന്ന് സി.ബി.ഐ സംഘങ്ങളും അന്വേഷിച്ച് തെളിവില്ലാതെ വിട്ട അഭയക്കേസിലെ പ്രതികളോട് അതേ സമീപനമല്ലല്ലോ സ്വീകരിക്കുന്നത്? ലാവ്‌ലിൻ കേസിനെ രാഷ്ട്രീയമായി നേരിടും എന്ന് ചിലർ പറഞ്ഞു. ഈ കേസിനെതിരെ നാടുനീളെ മീറ്റിംഗുകളും വിശദീകരണയോഗങ്ങളും പന്തം കൊളുത്തി പ്രകടനവും മറ്റും നടക്കുന്നു. ഈ പ്രതികരണങ്ങളോട് സി.ബി.ഐക്ക് എന്താണ് പ്രതികരണം? അത് നാട്ടിൽ കലാപം, അസ്വസ്ഥത ഉണ്ടാക്കും എന്ന തോന്നൽ സി.ബി.ഐക്ക് ഇല്ലേ? പുറത്ത് ജനങ്ങളോടോ കോടതിയിലോ ഇതിനെതിരെ സി.ബി.ഐ എന്തെങ്കിലും പറഞ്ഞതായി കേട്ടില്ല; വായിച്ചുമില്ല.

ഒരു കേസിൽ, ഒരു പ്രശ്നത്തിനും പോകാതിരുന്നിട്ടും വർഗീയ കലാപം ഉണ്ടാക്കും; അതിനാൽ തടയണം എന്ന് സി.ബി.ഐ പറയുന്നു. എന്നാൽ രണ്ടാമത്തെ കേസിൽ സി.ബി. ഐ, കേന്ദ്ര ഗവൺമെന്റ് തുടങ്ങിയവർക്കെതിരെ ശക്തമായ ആരോപണങ്ങൾ ഉയരുകയും ജാഥകളും പ്രകടനങ്ങളും പൊതുയോഗങ്ങളും മറ്റ് രാഷ്ട്രീയ നീക്കങ്ങളും നടന്നിട്ടും സി.ബി.ഐ ഒന്നും പറയുന്നില്ല! ഈ വിശദീകരണയോഗങ്ങളോ പന്തംകൊളുത്തി പ്രകടനമോ രാഷ്ട്രീയമായി നേരിടും എന്ന പ്രഖ്യാപനമോ ഒന്നും തെറ്റ് അല്ലായിരിക്കാം. അങ്ങനെയെങ്കിൽ ഒരു കലാപത്തിനും ആഹ്വാനമില്ലാത്ത, എല്ലാ അന്വേഷണത്തോടും സഹകരിച്ചിട്ടുണ്ട്, ഇനിയും സഹകരിക്കാം, സത്യം തെളിയാൻ പ്രാർത്ഥിക്കണം, പ്രതികളാക്കപ്പെട്ടവർ ഉന്നയിക്കുന്ന ചില കാര്യങ്ങളെപ്പറ്റി സി.ബി.ഐ ഒരന്വേഷണവും നടത്തുന്നില്ല; ആ മേഖലയിലും അന്വേഷണം വേണം എന്നൊക്കെ പറയുന്ന ഒരു പ്രസ്താവനയോ ഇടയലേഖനമോ ലഘുലേഖയോ സി.ബി.ഐക്ക് ഇത്രമാത്രം ഭയത്തിനും ആകുലതയ്ക്കും കാരണമാകുന്നു? ഈ വൈരുദ്ധ്യം മനസിലാകുന്നില്ല.

അതിനാൽ സി.ബി.ഐയും മാധ്യമങ്ങളും രാഷ്ട്രീയ പാർട്ടികളും ജനങ്ങളും സ്വീകരിക്കുന്ന സമീപനങ്ങൾ ഇങ്ങനെ വൈരുദ്ധ്യം നിറഞ്ഞത് ആകരുത്. സമാനമായ സാഹചര്യങ്ങളിൽ സമാനമായ സമീപനമല്ലേ ബന്ധപ്പെട്ട എല്ലാവരും സ്വീകരിക്കേണ്ടത്?